# എസ്.ഐ.ഒ ഓഫീസ് ശിലാസ്ഥാപനം



**എസ്.ഐ.ഒ** ദേശീയ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് മക്ക ഹറംശരീഫ് ഇമാം ശൈഖ് അബ്ദുർറഹ്മാൻ അൽ സുദൈസ് തറക്കല്ലിട്ടു. ഇന്ത്യൻ സമൂഹത്തിൽ എസ്.ഐ.ഒ ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എസ്.ഐ.ഒ ദേശീയ പ്രസിഡന്റ് ഇമാമിനെ സ്വാഗതം ചെയ്തു. ചടങ്ങിൽ ജ.ഇ ദേശീയ അമീർ ജലാലുദ്ദീൻ ഉമരി, ഡെപ്യൂട്ടി അമീറുമാരായ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, മുഹമ്മദ് ജഅ്ഫർ, എസ്.ഐ.ഒ ദേശീയ ജന. സെക്രട്ടറി പി.എം സ്വാലിഹ് തുടങ്ങിയവർ സംബന്ധിച്ചു.

## 'ഇസ്‌ലാം പരിചയം' കാമ്പയിൻ

**ജമാഅത്തെ** ഇസ്‌ലാമി യു.പി-ഉത്തരഖണ്ഡ് ഹൽഖ 'ഇസ്‌ലാം പരിചയം' കാമ്പയിൻ നടത്തി. മുസ്‌ലിം സമൂഹത്തിന് ഇസ്‌ലാമിന്റെ സമഗ്രത മനസ്സിലാക്കിക്കൊടുക്കുക, അവരെ പ്രബോധകരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കാമ്പയിൻ സംഘടിപ്പിച്ചത്. വ്യക്തിബന്ധങ്ങൾ, സ്ക്വാഡുകൾ, പൊതുയോഗങ്ങൾ, സെമിനാർ, സിമ്പോസിയം, ഖുത്വ്ബ, പണ്ഡിതന്മാർ/മത-രാഷ്ട്രീയ-സാമൂഹിക നേതാക്കൾ തുടങ്ങിയവരുമായുള്ള ചർച്ചകൾ, പത്രസമ്മേളനങ്ങൾ, കോളേജ് സംഗമങ്ങൾ, വനിതാസംഗമം തുടങ്ങി പരിപാടികൾ നടന്നു. മുസ്‌ലിം പണ്ഡിതന്മാർക്കു വേണ്ടി മൂന്ന് പ്രത്യേക പുസ്തകങ്ങൾ തയ്യാറാക്കി. ദേശീയ അമീർ ജലാലുദ്ദീൻ ഉമരി, സെക്രട്ടറിമാരായ ഇഅ്ജാസ് അസ്‌ലം, ഇഖ്ബാൽ മുല്ല, ഇൻതിസാർ നഈം, റഫീഖ് അഹ്മദ്, അബ്ദുസ്സലാം ഇസ്‌ലാഹി എന്നിവർ സംബന്ധിച്ചു.




## തമിഴ്നാട് ലീഗ് വനിതാ നേതാവിനെ പുറത്താക്കി

**തമിഴ്നാട്** മുസ്‌ലിംലീഗിന്റെ സംസ്ഥാന വനിതാ കൺവീനർ ഫാത്വിമ മുസഫറിനെ പാർട്ടിയിൽനിന്ന് പുറത്താക്കി. പരേതനായ ലീഗ് നേതാവ് എ.കെ.എ അബ്ദുസമദിന്റെ സഹോദരിയായ ഫാത്വിമയെ പാർട്ടി വിരുദ്ധ പ്രവർത്തനത്തിനാണ് പുറത്താക്കിയത്.

ലീഗിന് അനുവദിച്ച മൂന്ന് സീറ്റ് കോൺഗ്രസ് സമ്മർദത്തെ തുടർന്ന് അഖിലേന്ത്യാ പ്രസിഡന്റ് ഇ. അഹ്മദിന്റെ മുൻകൈയിൽ രണ്ടായി ചുരുക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ പ്രതിഷേധിച്ചും ഡി.എം.കെ ചിഹ്നത്തിൽ മത്സരിക്കരുതെന്നാവശ്യപ്പെട്ടും ഫാത്വിമ പത്രസമ്മേളനം നടത്തിയിരുന്നു. ഇതേ തുടർന്നാണ് പുറത്താക്കൽ നടപടി. കടുത്ത സമ്മർദങ്ങളെ തുടർന്ന് ലീഗിനനുവദിച്ച മൂന്ന് സീറ്റ് പിന്നീട് നിലനിർത്തുകയായിരുന്നു.

നേതൃത്വത്തിന്റെ ജീർണതക്കും ആർജവമില്ലായ്മക്കുമെതിരെ പ്രതികരിച്ച തന്നെ പുറത്താക്കിയ നടപടി അന്യായമാണെന്ന് ഫാത്വിമ പറഞ്ഞു.

## ദൽഹി ന്യൂനപക്ഷ കമീഷന് തലവനായി

**ദീർഘകാലം** നാഥനില്ലാ കളരിയായിരുന്ന ദൽഹി സംസ്ഥാന ന്യൂനപക്ഷ കമീഷന് ചെയർമാനെ നിശ്ചയിച്ചു. സഫ്ദർ ഹുസൈൻ ഖാനാണ് പുതിയ ചെയർമാൻ. നിലവിൽ ഇന്ത്യാ ഇസ്‌ലാമിക് കൾച്ചറൽ സെന്ററിന്റെ വൈസ് പ്രസിഡന്റും ഇന്ത്യ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷന്റെ സീനിയർ ജനറൽ മാനേജറുമാണ്. പുഷ്പേന്ദർസിംഗ്, മൈക്കൽ ആന്റണി എന്നിവരാണ് കമീഷനിലെ മറ്റ് അംഗങ്ങൾ. ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി ആസൂത്രിതമായ പരിശ്രമങ്ങൾ നടത്തുമെന്ന് ഖാൻ അറിയിച്ചു.

# ഓഖ്‌ല എം.പി അൽശിഫ ഹോസ്പിറ്റൽ സന്ദർശിച്ചു

**നിർമാണ** പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിൽ നിൽക്കുന്ന ദൽഹിയിലെ ദഅ്‌വത് നഗറിലെ അൽശിഫ ഹോസ്പിറ്റൽ സ്ഥലം എം.പി സന്ദീപ് ദീക്ഷിത് സന്ദർശിച്ചു. ദൽഹി മുഖ്യമന്ത്രി ഷീലാ ദീക്ഷിതിന്റെ മകനാണ് സന്ദീപ്. ഓഖ്‌ല പോലൊരു പിന്നാക്ക പ്രദേശത്ത് സർവ സജ്ജമായ ഒരു മൾട്ടി സ്‌പെഷ്യാലിറ്റി ഹോസ്പിറ്റൽ പണിയാൻ മുന്നോട്ടുവന്ന വിഷൻ 2016 നേതൃത്വത്തെ അദ്ദേഹം അഭിനന്ദിച്ചു. ഹോസ്പിറ്റൽ നിർമാണം പൂർത്തീകരിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും അദ്ദേഹം എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തു. ഹോസ്പിറ്റൽ സി.ഇ.ഒ ബ്രിഗേഡിയർ സഫർ അലി, കൗൺസിലർ എഞ്ചി. ജമാലുദ്ദീൻ, ജ.ഇ ദേശീയ ഡെപ്യൂട്ടി അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ദേശീയ സെക്രട്ടറിമാരായ സയ്യിദ് ഗുലാം അക്ബർ, മുജ്തബാ ഫാറൂഖ് തുടങ്ങിയവർ സംബന്ധിച്ചു.




## എ.പി.സി.ആർ ദൽഹി ചാപ്റ്റർ തുടങ്ങി

**എ.പി.സി.ആർ** ദൽഹി ചാപ്റ്റർ പ്രവർത്തനം ആരംഭിച്ചു. ജമാഅത്ത് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ എ.പി.സി. ആർ ഡയറക്ടർ ഡോ. ഷക്കീൽ അഹ്മദ്, പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ഡോ. മുഹമ്മദ് റഫ്അത്ത്, അഖ്‌ലാഖ് അഹ്മദ് തുടങ്ങിയവർ സംബന്ധിച്ചു.




## ബംഗാളിൽ സമൂഹ വിവാഹവും പള്ളി ഉദ്ഘാടനവും




**'വിഷൻ** 2016'ഉം ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ഘടകവും സംയുക്തമായി മാൽദയിൽ സമൂഹ വിവാഹം സംഘടിപ്പിച്ചു. 125 ദമ്പതികളാണ് വേദിയിൽ വിവാഹിതരായത്. ദേശീയ ഡെ. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ ഖുത്ബ നിർവഹിച്ചു. ഡോ. റഈസുദ്ദീൻ, ഡോ. റഹ്മത് അലി, അബ്ദുർറഫീഖ് തുടങ്ങിയവർ സംബന്ധിച്ചു. മസ്ജിദുൽ ഫലാഹിന്റെ ഉദ്ഘാടനവും നടന്നു.